India Foundation for the Arts
I F A

# ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദി ആർട്സ്
# കലാ ഗവേഷണവും ഡോക്യുമെന്റേഷനും

താങ്കൾ ഒരു ഗവേഷകനോ ഗവേഷകയോ കലാകാരനോ കലാകാരിയോ ആണോ? 1, കലാസമ്പ്രദായങ്ങൾ എങ്ങനെയാണു നിർമിക്കപ്പെട്ടത്, അവ എങ്ങനെയാണു പാരമ്പര്യമായി പരിഗണിക്കപ്പെടാൻ തുടങ്ങിയത് എന്നതിനെക്കുറിച്ചോ 2, സമകാലിക കലയുടെ മാറുന്ന സമ്പ്രദായങ്ങളെക്കുറിച്ചോ ഉള്ള പഠനത്തിൽ തല്പരരാണോ?

## വ്യാപ്തി

താഴെപ്പറയുന്ന രണ്ടു വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ വരുന്ന ഗവേഷണ / ഡോക്കുമെന്റേഷൻ പദ്ധതികൾക്ക് കലാകാർക്കും ഗവേഷകർക്കും ഈ ധനസഹായ പദ്ധതി പിന്തുണ നല്കുന്നു.

### (1) ഇന്നത്തെ കലാപ്രയോഗങ്ങളിൽ കാണുന്ന പുതിയ മുന്നേറ്റങ്ങളുമായി ബന്ധപ്പെട്ട ഗവേഷണവും ഡോക്കുമെന്റ്ഷനും

ഗവേഷകരോ കലാകാരോ ആയ നിങ്ങൾ കലാപ്രയോഗങ്ങളിൽ കാണുന്ന പുതിയ മുന്നേറ്റങ്ങളെയും മാറ്റങ്ങളെയും പഠനവിധേയമാക്കാൻ താൽപര്യപ്പെടുന്നുണ്ടാവാം. ഉദാഹരണത്തിന് ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ സാങ്കേതികതകളും ഇന്നത്തെ കലകളും തമ്മിലുള്ള മുഖാമുഖം; തദ്ദേശ സമുദായങ്ങൾ, പ്രകൃതി എന്നിവയോടൊപ്പം വ്യവഹരിക്കുന്ന സ്ഥലത്തിനു പ്രാധാന്യം കൽപിക്കുന്ന ഇടപെടലുകൾ; കലാകാരന്മാരും പ്രേക്ഷകരും തമ്മിലുള്ള അന്തരം നികത്താൻ ശ്രമിക്കുന്ന ജനകീയ കലാവ്യവഹാരങ്ങൾ എന്നിവ ഈ വിഷയത്തിൽപ്പെടുന്നു.
നിലവിലുള്ള ഗവേഷണ രീതികൾ അനുസരിച്ചോ അഥവാ അതിനോടൊപ്പം / അതിൽ നിന്നുമാറി സൈദ്ധാന്തികവും ആശയപരവുമായ പുതിയ ഉപകരണങ്ങൾ ഉപയോഗിച്ചോ ഇന്നത്തെ കലാവ്യവഹാരങ്ങൾക്കുമേൽ കൂടുതൽ വെളിച്ചം പകരുന്ന സംഭാവന നൽകാൻ നിങ്ങൾക്കു താൽപര്യമുണ്ടാവാം.

### (2) കലാപാരമ്പര്യങ്ങൾ എങ്ങനെ നിർമിക്കപ്പെട്ടു, അവ എങ്ങനെ പുനർനിർവചിക്കപ്പെട്ടു എന്നിവയെക്കുറിച്ചു വിമർശനാത്മകമായി പരിശോധിക്കുന്ന ഗവേഷഷണവും ഡോക്കുമെന്റേഷനും.

'പാരമ്പര്യം' എന്നതിന് ഇംഗ്ലീഷിൽ 'ട്രെഡീഷൻ' എന്നാണ് പറയുന്നത്. ലാറ്റിൻ ഭാഷയിലെ ട്രെഡീഷനെം എന്ന പ്രയോഗത്തിൽ നിന്നാണ് 'ട്രെഡീഷൻ' ഉടലെടുത്തത്. അക്ഷരാർത്ഥത്തിൽ 'കൈമാറ്റം'. ഒരു തലമുറയിൽ നിന്ന് മറ്റൊരു തലമുറയിലേക്ക് അറിവുകളും വിശ്വാസങ്ങളും പഴങ്കഥകളും ആചാ

രങ്ങളും കൈമാറപ്പെടുന്നു. സാംസ്കാരിക വിശ്വാസങ്ങളുടെയോ ആചാരങ്ങളുടെയോ ഒരു തുടർച്ചയിൽ നിലനില്ക്കുന്ന ചിരകാല ചിന്തകളെയും പെരുമാറ്റങ്ങളെയും കൂടെ പാരമ്പര്യം എന്നതു സൂചിപ്പിക്കുന്നുണ്ട്.

പല ആചാരങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, പെരുമാറ്റച്ചട്ടങ്ങൾ എന്നിവയ്ക്ക് പാരമ്പര്യം ശക്തമായ അനുവാദവും സാധൂകരണവും ആകുന്നതിനാൽ, അവ വെറുതെയങ്ങ് തലമുറ തലമുറ കൈമാറുകയല്ല, പലപ്പോഴും പുനർനിർമിക്കപ്പെടുകയും കണ്ടെത്തപ്പെടുകയുമാണ്. പാരമ്പര്യമെന്നു കരുതപ്പെടുന്ന പല ആചാരങ്ങളും അടുത്ത കാലത്തു കണ്ടുപിടിക്കപ്പെട്ടവയാണ്. പലപ്പോഴും, പല കാരണങ്ങളാൽ നിർമിക്കപ്പെട്ടവയാണ്. ചില പ്രവൃത്തികൾ, അധികാരബന്ധങ്ങൾ, സാമൂഹ്യ മേൽകീഴ് ഘടന എന്നിവയ്ക്ക് സാധൂകരണം ഉണ്ടാക്കുക, കൂട്ടങ്ങളുടെ ഒത്തൊരുമ ഉയർത്തുക, സംയോജിത സ്വത്വം ഉറപ്പിക്കുക, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ, അജണ്ടകൾ, താല്പര്യങ്ങൾ എന്നിവയ്ക്കു പിന്തുണയുണ്ടാക്കുക എന്നിവയാകാം ഈ കാരണങ്ങൾ. പുതിയ പ്രേക്ഷകരെയും പുതിയ കമ്പോളത്തെയും കണ്ടെത്താനായി കലാപാരമ്പര്യങ്ങളെയും പുതുതായി വ്യാഖ്യാനിക്കുകയും പുത്തനായി കണ്ടെത്തുകയും ചെയ്യാറുണ്ട്.

ഈ വിഷയത്തിനു കീഴിൽ പാരമ്പര്യങ്ങൾ എങ്ങനെ, എന്തിന് നിർമ്മിക്കപ്പെടുന്നു എന്നു പഠിക്കാൻ താൽപര്യമുള്ള ഗവേഷകർക്കും കലാകാർക്കും സഹായം നൽകുന്നതായിരിക്കും. ഉദാഹരണത്തിന്, ഒരു പാരമ്പര്യം നിർമിക്കപ്പെടുമ്പോൾ അല്ലെങ്കിൽ പുനർ നിർമിക്കപ്പെടുമ്പോൾ ഉടലെടുക്കുന്ന പുതിയ അർത്ഥങ്ങളും മൂല്യങ്ങളും ചിഹ്നങ്ങളും എന്തൊക്കയാണ്, അഥവാ എന്തൊക്കെയാണ് ഈ പ്രക്രിയയിൽ ഒഴിവാക്കപ്പെടുന്നത്, നഷ്ടപ്പെടുന്നത്, മറച്ചുവയ്ക്കപ്പെടുന്നത്, അമർത്തപ്പെടുന്നത് എന്നിവ പരിശോധിക്കുന്നതിൽ താങ്കൾക്കു താല്പര്യം ഉണ്ടാവാം. കലാരൂപം/ കലാപ്രയോഗം എന്നിവയോടും അവയുടെ അവതരണം, സ്വീകരണം എന്നിവയോടും കലാകാർക്ക് ഉള്ള ബന്ധത്തെ ഈ പ്രക്രിയ എങ്ങനെ മാറ്റുന്നു എന്നതിൽ താങ്കൾക്കു താല്പര്യമുണ്ടാകാം. അല്ലെങ്കിൽ പാരമ്പര്യത്തിന്റെ ഇത്തരം നിർമാണത്തെ നിർണയിക്കുന്ന സ്വാധീനങ്ങളും പ്രത്യയശാസ്ത്രങ്ങളും എന്തെന്നു പഠിക്കുന്നതിൽ താങ്കൾക്കു താല്പര്യമുണ്ടാകാം.

## അപേക്ഷ

ഈ ധനസഹായ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുവാൻ ഐ.എഫ്.എ ജീവനക്കാർ തയ്യാറാണ്. നിങ്ങളുടെ ആശയങ്ങൾ ചർച്ച ചെയ്യുവാനായി ഞങ്ങളുമായി ബന്ധപ്പെടുകയോ അല്ലാത്തപക്ഷം നിർദേശങ്ങളും അഭിപ്രായങ്ങളും അടങ്ങിയ **കരടു നിർദേശം** April 30, 2014

മുൻപായി ഞങ്ങൾക്ക് അയച്ചുതരുകയോ ചെയ്യുക.

നിങ്ങളുടെ പൂർണ അപേക്ഷയുടെ കടലാസു കോപ്പി May 31, 2014 നു മുമ്പായി ഞങ്ങൾക്കു ലഭിക്കേണ്ടതാണ്. ധനസഹായം July 2014 ൽ പ്രസിദ്ധീകരിക്കുമെന്നു നിങ്ങൾക്കു പ്രതീക്ഷിക്കാം.
ഇംഗ്ലീഷ് അടക്കമുള്ള ഏത് ഇന്ത്യൻ ഭാഷയിൽ വേണമെങ്കിലും അപേക്ഷ അയക്കാവുന്നതാണ്.
നിങ്ങളുടെ പദ്ധതിയുടെ കുറഞ്ഞ കാലയളവ് 12 മാസവും പരമാവധി കാല യളവ് 18 മാസവുമാവാം.
നിങ്ങൾക്ക് 3 ലക്ഷം രൂപ വരെ ധനസഹായത്തിനായി അപേക്ഷിക്കാം. നിങ്ങൾ ഒരു സിനിമാ നിർമാതാവാണെങ്കിൽ ഇതു 5 ലക്ഷം രൂപ വരെ ആകാം.
ഈ പദ്ധതിയുടെ കാലാവധിക്കുള്ളിൽ 1,44,000 രൂപ ഓണറേറിയമായി വക യിരുത്താവുന്നതാണ്. നിങ്ങളുടെ ആകെ ധനസഹായം ഈ ഓണറേറിയവും അടങ്ങിയതായിരിക്കും.

അപേക്ഷിക്കാൻ, താഴെ പറയുന്ന കാര്യങ്ങൾ വിവരിക്കുന്ന പ്രൊപ്പോസൽ അയക്കുക.

(1) പഠിക്കാനോ ഡോക്കുമെന്റു ചെയ്യാനോ അല്ലെങ്കിൽ പഠിക്കാനും ഡോക്കുമെന്റു ചെയ്യാനും ഉദ്ദേശിക്കുന്ന കലാപാരമ്പര്യം(ങ്ങൾ) അഥവാ സമ കാലിക കലാപ്രയോഗം.

(2) ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉന്നയിക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട ചോദ്യങ്ങൾ.

(3) പഠനത്തിൽ പാലിക്കാൻ ഉദ്ദേശിക്കുന്ന ഗവേഷണപദ്ധതികളുടെയും അതോടൊപ്പം/ അല്ലെങ്കിൽ പഠനവിഷയത്തിന് ആവശ്യമെന്ന് തോന്നുന്ന പുതിയപദ്ധതികളുടെയും വിവരം.

(4) ഗവേഷണ പദ്ധതിയുടെ കാലാവധിയും പ്രവൃത്തിപരിപാടിയും.

(5) ഗവേഷണ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയില്ലെങ്കിൽ പ്രപ്പോസൽ അപൂർണ മായി പരിഗണിക്കും.

(1) താങ്കളുടെ പ്രവർത്തനത്തെക്കുറിച്ചു ഞങ്ങൾക്കു ഒരു രൂപം നല്കാൻ കഴിയുന്ന എന്തെങ്കിലും സഹായരേഖകൾ ഉണ്ടെങ്കിൽ അവ.

(2) താങ്കളുടെ ബയോഡാറ്റ.

(3) ധനസഹായം പ്രയോജനപ്പെടുത്തുന്നത് എങ്ങനെ എന്നു വിവരി ക്കുന്ന വിശദമായ ബഡ്ജറ്റ്. ഗവേഷണ പദ്ധതിക്ക് മറ്റു സ്രോതസ്സുകളിൽ നിന്ന് ധനസഹായം ലഭിക്കാനുള്ള സാധ്യതയുണ്ടെങ്കിൽ അതുമായി ബന്ധ പ്പെട്ട വിവരങ്ങൾ.

(4) നിങ്ങളുടെ മേൽവിലാസം, ഫോൺ/ ഫാക്സ് നമ്പർ, ഇമെയിൽ വിലാസം എന്നിവ.

(5) ഏതെങ്കിലും സംഘടനയ്ക്കു വേണ്ടിയാണ് അപേക്ഷ അയക്കുന്നതെങ്കിൽ ആ സംഘടനയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്ന മെമ്മോറാണ്ടം / ട്രസ്റ്റ് ഡീഡ്, വാർഷിക റിപ്പോർട്ട്, കഴിഞ്ഞ മൂന്നു വർഷത്തെ ഓഡിറ്റു ചെയ്ത വരവു ചിലവു കണക്കുകൾ എന്നിവ.

## മറ്റു വിവരങ്ങൾ

(1) പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിപരമായ ചെലവുകൾ, പരിപാടികൾ, യാത്രകൾ എന്നിവയ്ക്കും ആവശ്യമെങ്കിൽ പദ്ധതിക്കായുള്ള ഉപകരണങ്ങൾക്കും മറ്റുമുള്ള ചുരുങ്ങിയ ചെലവിനും ആയിരിക്കും ധനസഹായം നൽകുക. ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന ഓരോ ഇനവും ഗവേഷണ പദ്ധതിയുമായി നേരിട്ടു ബന്ധമുള്ളവയാണെന്ന് ഉറപ്പു വരുത്തുക.

(2) അപേക്ഷകർ വ്യക്തികളാണെങ്കിൽ ബഡ്ജറ്റിൽ ഒരു അക്കൗണ്ടന്റിനുള്ള ചെലവ് ഉൾപ്പെടുത്തുക.

(3) സ്ഥാപനത്തിന്റെ നടത്തിപ്പ്, കെട്ടിടനിർമാണച്ചെലവുകൾ, അടിസ്ഥാനസൗകര്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താവുന്നതല്ല.

(4) പ്രപ്പോസലിന്റെ പാഠം നിങ്ങൾ ആരെന്നു വെളിപ്പെടുത്താത്ത രീതിയിൽ തയ്യാറാക്കുക.

(5) നിങ്ങളുടെ അപേക്ഷയുടെ കരട് ഇമെയിൽ ആയി അയക്കാം. പക്ഷേ, പൂർണ അപേക്ഷ കടലാസു കോപ്പി ആയി സഹായക രേഖകളും കൂടെ May 31, 2014 നോ മുമ്പോ ലഭിച്ചിരിക്കേണ്ടതാണ്.

(6) അവസാന തിയതിക്കു മുമ്പ് പ്രപ്പോസലും സഹായക രേഖകളും ഐ.എഫ്.എയ്ക്കു ലഭിക്കത്തക്കവണ്ണം അയക്കേണ്ടതു നിങ്ങളുടെ ചുമതലയാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(7) പ്രപ്പോസൽ പരിഗണിക്കപ്പെടുന്ന പക്ഷം അതിന്റെ വിലയിരുത്തലുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കു നിങ്ങൾ മറുപടി നൽകേണ്ടതാണ്.

(8) പുറമെ നിന്നുള്ള വിദഗ്ദ്ധരുടെ സഹായത്തോടെയാണ് പ്രപ്പോസലുകളുടെ വിലയിരുത്തൽ നടത്തുക. അവസാന തീരുമാനം ഐ.എഫ്.എയുടേതായിരിക്കും.

## അർഹത

ഇന്ത്യൻ പൗരന്മാരും, രെജിസ്റ്റർ ചെയ്ത നോൺ-പ്രോഫിറ്റ് സംഘടനകളും ഇന്ത്യയിൽ കുറഞ്ഞത് അഞ്ചു വർഷമെങ്കിലും താമസിച്ചിട്ടുള്ളവരും അപേക്ഷകൾ അയക്കാൻ അർഹരാണ്.

അപേക്ഷകളും മറ്റു കത്തിടപാടുകളും താഴെ കാണുന്ന മേൽവിലാസത്തി ലേക്ക് അയക്കുക.

Tanveer Ajsi
Programme Executive
India Foundation for the Arts,
'Apurva', Ground floor, No 259,
4th Cross, Raj Mahal Vilas, 2nd Stage, 2nd Block,
Bengaluru 560 094.
Tel: 080 23414681/82
E-mail: tanveerajsi@indiaifa.org

മറ്റു ഇന്ത്യൻ ഭാഷകളിൽ ഈ സർക്കുലറിന്റെ തർജമ വേണ്ടവർ അറിയി ക്കുക, w.w.w.indiaifa.org -ഇൽ നിന്നു ഡൗൺലോഡ് ചെയ്യാവുന്നതുമാണ്.